പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ റ്റി 426** **10.06.2014 ൽ മറുപടിയ്ക്ക്**

**കൊച്ചി മെട്രോ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ.ബെന്നി ബെഹനാൻ:<br>ശ്രീ.ഹൈബി ഈഡൻ:<br>ശ്രീ.അൻവർ സാദത്ത്: | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും റെയിൽവേയും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കൊച്ചി മെട്രോ റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് 2012 ജൂലൈ മാസത്തിൽ കേന്ദ്ര ഗവൺമെന്റ് അംഗീകാരം ലഭിച്ചതിനെ തുടർന്ന് പദ്ധതി നടപ്പാക്കാനായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചു. 2013 മെയ് മാസം ഡി.എം.ആർ.സി.യെ പദ്ധതിയുടെ നിർവ്വഹണച്ചുമതല ഏൽപ്പിക്കുകയുണ്ടായി. ഇതോടൊപ്പം പദ്ധതിക്കാവശ്യമായ മുന്നൊരുക്ക ജോലികളും സമയബന്ധിതമായി പൂർത്തീകരിച്ചു വരുന്നു. കൂടാതെ പദ്ധതിക്കാവശ്യമായ സാമ്പത്തിക സഹായം ഇന്ത്യക്കകത്തും പുറത്തുമുള്ള സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും ഉറപ്പാക്കുകയുമുണ്ടായി. സ്ഥലമെടുപ്പിനു വേണ്ടി ജില്ലാ കളക്ടറുടെ കീഴിൽ പ്രത്യേക വിഭാഗം രൂപീകരിച്ച് സ്ഥലമെടുപ്പ് വളരെ വേഗത്തിൽ പൂർത്തിയാക്കിയും വരുന്നുണ്ട്. ഇതോടൊപ്പം കൊച്ചി മെട്രോ റെയിൽ പദ്ധതിക്കും പദ്ധതി അനുബന്ധ പ്രവർത്തനങ്ങൾക്കും ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ സംസ്ഥാന സർക്കാർ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് സ്ഥലം നേരിട്ട് വാങ്ങുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. സിവിൽ ജോലികളുടെ കരാറുകൾ നൽകുകയും ജോലികൾ പുരോഗമിക്കുകയും ചെയ്യുന്നു. |
| (ബി) | പദ്ധതിയുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ; | (ബി) | പദ്ധതിയുടെ നാളിതുവരെയുള്ള സാമ്പത്തിക പുരോഗതി 12.5% ആണ്. പദ്ധതിയുടെ സിവിൽ ജോലികൾ പുരോഗമിച്ചു വരുന്നു. മറ്റ് സിസ്റ്റം ജോലികൾക്കുള്ള ടെൻഡറുകൾ അവസാന ഘട്ടത്തിലാണ്. സ്ഥലമെടുപ്പും പൂർത്തിയായിക്കൊണ്ടിരിക്കുന്നു. |

<table>
<tr>
<td>(സി)</td>
<td>പദ്ധതി നിർവഹണത്തിനുള്ള സാമ്പത്തിക സഹായങ്ങൾ എങ്ങനെയാണ് കണ്ടെത്തുന്നത്; വിശദമാക്കുമോ;</td>
<td>(സി)</td>
<td>പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സുകൾ താഴെ വിവരിക്കുന്നു.
<table>
<tr><th>സ്രോതസ്സ്</th><th>അനുവദിച്ച തുക (കോടിയിൽ)</th></tr>
<tr><td>ഓഹരി-ഇന്ത്യ ഗവണ്മെന്റ്</td><td>753.73</td></tr>
<tr><td>ഓഹരി-കേരള ഗവണ്മെന്റ്</td><td>753.73</td></tr>
<tr><td>കീഴ്ക്കടം-ഇന്ത്യ ഗവണ്മെന്റ്</td><td>248.50</td></tr>
<tr><td>കീഴ്ക്കടം-കേരള ഗവണ്മെന്റ്</td><td>920.50</td></tr>
<tr><td>വസ്തു വികസനം</td><td>98.00</td></tr>
<tr><td>സംസ്ഥാന നികുതി ഒഴിവാക്കൽ-കേരള ഗവണ്മെന്റ്</td><td>237.33</td></tr>
<tr><td>ദീർഘകാല വായ്പ- AFD</td><td>1500.00</td></tr>
<tr><td>ദീർഘകാല വായ്പ- ബാങ്ക്</td><td>670.00</td></tr>
<tr><td>ആകെ</td><td>5181.79</td></tr>
</table>
</td>
</tr>
<tr>
<td>(ഡി)</td>
<td>പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676 – ൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ?</td>
<td>(ഡി)</td>
<td>പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാനുള്ള എല്ലാവിധ കാര്യങ്ങളും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് നിർവ്വഹിക്കുന്നുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ബഹു.മുഖ്യമന്ത്രിയും ഊർജ്ജവകുപ്പ മന്ത്രിയും അടിയ്ക്കടി അവലോകനം നടത്തി പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്യുന്നുണ്ട്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ